പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1318 — 04.12.14 ൽ - മറുപടിക്ക്

# ഭക്ഷ്യ സുരക്ഷാനിയമം - കേന്ദ്ര സർക്കാർ നിബന്ധനകൾ

**ചോദ്യം**

ശ്രീ. സി. ദിവാകരൻ :

ഭക്ഷ്യസുരക്ഷാ നിയമം കേരളത്തിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ മുന്നോട്ടുവച്ച നിബന്ധനകൾ എന്തെല്ലാമാണ്; ഇതുപ്രകാരം സംസ്ഥാനത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി)

2013 ലെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം പ്രകാരം 05.07.2014 നു മുമ്പായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തി പുതുക്കിയ പൊതുവിതരണ സമ്പ്രദായത്തിന്റെയടിസ്ഥാനത്തിൽ ഭക്ഷ്യധാന്യ വിതരണം നടത്തണമെന്നു അനുശാസിച്ചിരുന്നു. എന്നാൽ കേന്ദ്രചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലും മുൻഗണനാ വിഭാഗക്കാരെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടിയിരുന്നതിനാലും 2014 നവംബർ 1-ാം തീയതി മുതൽ ഈ പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിരുന്നു. പക്ഷെ അനുമതി ലഭിച്ചില്ല. ഈ പദ്ധതി നടപ്പിലാക്കുന്നതിനു മുന്നോടിയായി റേഷൻ കാർഡുകളുടെ ഡിജിറ്റലൈസേഷൻ, ഓഫീസ് ഓട്ടോമേഷൻ, അംഗീകൃത മൊത്ത/ചില്ലറ വ്യാപാര ശാലകളിലെ കമ്പ്യൂട്ടർവൽക്കരണം, മൊത്ത/ചില്ലറ വ്യാപാര ശാലകൾക്കുള്ള അലോട്ട്മെന്റ് ഓൺലൈൻ മുഖേന പരിശോധിക്കുന്നതിനുള്ള സംവിധാനം എന്നിവ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിലെ റേഷൻകാർഡുകൾ ഡിജിറ്റലൈസേഷൻ നടത്തിയിട്ടുണ്ട്. സ.ഉ(കൈ)നം.16/11/ത.സ്വ.ഭ.വ., സ.ഉ(കൈ)നം.112/12/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിശദമായ അപേക്ഷാ ഫാറം കാർഡുടമകൾക്ക് നൽകി വിവരശേഖരണം നടത്തുന്നതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക തയ്യാറാക്കി മുൻഗണനാ കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്.

ഓഫീസ് ഓട്ടോമേഷനുവേണ്ടിയുള്ള ഹാർഡ്‌വെയർ പർച്ചേസ് നടപടികൾ നടന്നുവരുന്നു. മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണം, അലോട്ട്മെന്റ്, വിതരണം എന്നിവ സംബന്ധിച്ച് ഓൺലൈനിൽ പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് എൻ.ഐ.സിയുടെ സഹായത്തോടെ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ